പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2899

19.06.2014 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) 1986 ലെ ഉപഭോക്തൃസംരക്ഷണ നിയമ പ്രകാരം ഉപഭോക്താവിന്റെ പരാതിയ്ക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളും, സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ചു വരുന്നു. ഫോറങ്ങളിലും, കമ്മീഷനിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതാണ്. 20 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസ്സുകൾ ജില്ലാ ഫോറത്തിലും, 20 ലക്ഷത്തിനുമേൽ 1 കോടി രൂപ വരെയുള്ള കേസ്സുകൾ കമ്മീഷനിലും ഫയൽ ചെയ്യാവുന്നതാണ്. ജില്ലാ ഫോറത്തിന്റെ വിധിയിൽ അനുവദനീയമായ നഷ്ടപരിഹാരവും കോടതി ചെലവും ഉൾപ്പെടെയുള്ള തുകയുടെ പകുതിയോ, 25,000/- രൂപയോ അതിൽ ഏതാണ് കുറവ് ആ തുക ഡെപ്പോസിറ്റ് ചെയ്ത് കമ്മീഷനിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. സാധാരണ പരാതികൾ 90 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നു. |
| (ബി) ഉപഭോക്തൃ ഫോറങ്ങളിൽ എത്തുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിൽ വരുന്ന പരാതികൾക്ക് തീർപ്പ് കൽപ്പിക്കുന്നതിനായി ഓരോ ഫോറത്തിലും ഒരു പ്രസിഡന്റിനേയും, രണ്ട് മെമ്പർമാരേയും നിയമിച്ചിട്ടുണ്ട്. സിവിലും, ക്രിമിനലും നടപടിച്ചട്ട |

പ്രകാരം വിധിനടപ്പാക്കുന്നതിന് ഫോറങ്ങൾക്ക് വ്യക്തമായ അധികാരം നൽകിയിട്ടുണ്ട്. കേസ്സുകൾ വേഗം തീർപ്പാക്കുന്നതിലേയ്ക്കായി അദാലത്തുകൾ നടത്തി വരുന്നു. മുതിർന്ന പൗരന്മാർ, വിധവകൾ എന്നിവരുടെ കേസുകളും, കാലപ്പഴക്കമുള്ള കേസ്സുകളും തീർപ്പാക്കുന്നതിന് മുൻഗണന നല്കാറുണ്ട്.

(സി) പരാതികളിൽ നിശ്ചിത സമയത്തിനകം തീർപ്പുകൽപ്പിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

(സി) യും (ഡി) യും. സാധാരണ പരാതികൾ 90 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കാറുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റേയും, ജില്ലാ ഫോറങ്ങളുടേയും സിറ്റിംഗ് ജില്ലാ/ താലൂക്ക് തലത്തിൽ സംഘടിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ